I ഇ.ബി. XIV - കേരള നിയമസഭ/XXII-2

## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജനുവരി 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

സി. എഫ്. തോമസ്, പ്രണബ് കുമാർ മുഖർജി എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിലെ അംഗമായിരുന്ന സി. എഫ്. തോമസ് 2020 സെപ്റ്റംബർ 27-ന് നിര്യാതനായി. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവരികയും ആറാം കേരള നിയമസഭ മുതൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തെ തുടർച്ചയായി പ്രതിനിധീകരിക്കുകയുംചെയ്ത അദ്ദേഹം ആറ് പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയരംഗത്ത് സജീവസാന്നിദ്ധ്യമായിരുന്നു. 1956-ൽ കോൺഗ്രസ് അംഗത്വം സ്വീകരിച്ച അദ്ദേഹം 1964-ൽ കേരള കോൺഗ്രസ് പാർട്ടി രൂപീകരണത്തിൽ പങ്ക് വഹിക്കുകയും അതിൽത്തന്നെ തുടർന്നുവരികയുമായിരുന്നു.

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും തന്റെ നിലപാടുകളിൽ ഉറച്ചുനിന്ന അദ്ദേഹം കേരളാ കോൺഗ്രസ് (എം) പാർട്ടിയുടെ ജനറൽ സെക്രട്ടറി, ഡെപ്യൂട്ടി ചെയർമാൻ, ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സംശുദ്ധ രാഷ്ട്രീയത്തിന് ഉടമയായിരുന്ന അദ്ദേഹം 2001-ലെ എ. കെ. ആന്റണി മന്ത്രിസഭയിലും തുടർന്നുവന്ന ഉമ്മൻ ചാണ്ടി മന്ത്രിസഭയിലും രജിസ്ട്രേഷൻ, ഗ്രാമവികസനം, ഖാദി എന്നീ വകുപ്പുകളുടെ ചുമതല നിർവ്വഹിച്ചിട്ടുണ്ട്. എളിമയും വിനയവും കൈമുതലാക്കിയിരുന്ന അദ്ദേഹം സാധാരണക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അനുകമ്പയോടെ ഇടപെടുകയും ചെയ്തിരുന്നു. ജനകീയവും നിസ്വാർത്ഥവുമായ പൊതുപ്രവർത്തനത്തിലൂടെ കർമ്മനിരതനായ അദ്ദേഹം ചങ്ങനാശ്ശേരിയുടെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. മാതൃകാപരമായ പൊതുപ്രവർത്തനം നടത്തിയ ഒരു നേതാവിനെയാണ് അദ്ദേഹത്തിന്റെ മരണത്തിലൂടെ നഷ്ടമായത്.

ഭാരതത്തിന്റെ മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി 2020 ആഗസ്റ്റ് 31-ന് അന്തരിച്ചു. രാഷ്ട്രതന്ത്രജ്ഞൻ, ഭരണാധികാരി എന്നീ നിലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രണബ് കുമാർ മുഖർജി 1935 ഡിസംബർ 11-ന് ബംഗാളിലെ മിറാത്തി ഗ്രാമത്തിൽ ജനിച്ചു. കൊൽക്കത്ത സർവ്വകലാശാലയിൽ നിന്ന് ചരിത്രം, രാഷ്ട്രമീമാംസ, നിയമം എന്നീ വിഷയങ്ങളിൽ ബിരുദം നേടിയ അദ്ദേഹം തുടക്കത്തിൽ പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് വകുപ്പിലെ

ഉദ്യോഗസ്ഥനായും പിന്നീട് വിദ്യാനഗർ കോളേജിൽ അദ്ധ്യാപകനായും പത്രപ്രവർത്തനകനായും പ്രവർത്തിച്ചിരുന്നു. ബംഗ്ലാ കോൺഗ്രസിലൂടെ രാഷ്ട്രീയ പ്രവേശനം നടത്തുകയും 1969-ലെ മിഡ്നാപ്പൂർ തെരഞ്ഞെടുപ്പിൽ മികച്ച സംഘടനാപാടവം പ്രകടിപ്പിക്കുകയും ചെയ്ത അദ്ദേഹത്തെ മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധി കോൺഗ്രസിലേയ്ക്ക് ക്ഷണിക്കുകയും 1969-ൽ രാജ്യസഭാംഗമാകുകയും ചെയ്തു. 1973-ൽ കേന്ദ്ര വ്യവസായ സഹമന്ത്രിയായും പിന്നീട് ധനമന്ത്രിയായും ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ രാഷ്ട്രീയ നയരൂപീകരണത്തിന്റെ മുഖ്യസൂത്രധാരനായിരുന്ന അദ്ദേഹം 1991-96 കാലഘട്ടത്തിൽ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനായും 1969 മുതൽ 2004 വരെ അഞ്ചുതവണ രാജ്യസഭാംഗമായും പ്രവർത്തിച്ചിരുന്നു. 2004-12 കാലയളവിൽ വിവിധ മന്ത്രിസഭകളിലായി ധനകാര്യം, പ്രതിരോധം, വിദേശകാര്യം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. 2012-ൽ ഭാരതത്തിന്റെ പതിമൂന്നാമത് രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. 2008-ൽ പത്മവിഭൂഷണം 2019-ൽ ഭാരതരത്നവും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. രാഷ്ട്രപതിയായിരിക്കെ കേരളത്തിലെ നിയമനിർമ്മാണസഭയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2012 ഒക്ടോബർ 30-ന് അദ്ദേഹം സഭാംഗങ്ങളെ അഭിസംബോധന ചെയ്യുകയുണ്ടായി. എഴുത്തുകാരൻ, വാഗ്മി, രാഷ്ട്രതന്ത്രജ്ഞൻ എന്നീ നിലകളിൽ

ശോഭിച്ച അദ്ദേഹം അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ മുഖവും ഇന്ത്യൻ രാഷ്ട്രീയത്തിൽ പകരം വയ്ക്കാനാകാത്ത സാന്നിദ്ധ്യവുമായിരുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേരളാ കോൺഗ്രസിന്റെ മുതിർന്ന നേതാവായിരുന്ന സി. എഫ്. തോമസിന്റെ വേർപാട് വേദനാജനകമാണ്. നാല് പതിറ്റാണ്ട് നീണ്ട നിയമസഭാ ജീവിതത്തിന്റെ ഉടമയായിരുന്ന അദ്ദേഹം തന്റെ രാഷ്ട്രീയ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് നാടിന്റെ പൊതുവായ വികസനത്തിനുവേണ്ടി രാഷ്ട്രീയത്തിനതീതമായി എല്ലാവരുമായി യോജിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു. പൊതുപ്രവർത്തനത്തിൽ ധാർമ്മിക മൂല്യങ്ങൾക്ക് വലിയ വിലകൽപ്പിക്കുകയും മലയോര കർഷകരുടെ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്തിരുന്ന അദ്ദേഹത്തിന്റെ മരണം കേരള ജനതയ്ക്കും സഭയ്ക്കും വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇന്ത്യയുടെ യശസ്സ് സാർവ്വദേശീയതലത്തിൽ ഉയർത്തിപ്പിടിക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിച്ച രാഷ്ട്രതന്ത്രജ്ഞനായിരുന്ന പ്രണബ് കുമാർ മുഖർജി. ഭരണഘടനാമൂല്യങ്ങളുടെ പരിരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി നിലകൊണ്ട് മതനിരപേക്ഷതയടക്കമുള്ള മൂല്യങ്ങൾ സമൂഹത്തിന്റെ വിവിധ തലങ്ങളിലെത്തിക്കുന്നതിനുവേണ്ടി ശ്രമിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം.

ധനകാര്യം, പ്രതിരോധം തുടങ്ങിയ സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുമ്പോൾ തന്റെ വ്യക്തിമുദ്രകൊണ്ട് ശ്രദ്ധേയമായ തലത്തിലേയ്ക്ക് ഉയരാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതുന്നതിൽ നേതൃത്വപരമായ പങ്ക് അദ്ദേഹം വഹിച്ചിരുന്നു. മികച്ച പാർലമെന്റേറിയനും വാഗ്മിയുമെന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ എന്നും സ്മരിക്കപ്പെടും. കേരളവും മലയാളികളുമായി ഗാഢവും സൗഹൃദപൂർണ്ണവുമായ ബന്ധമാണ് അദ്ദേഹം സൂക്ഷിച്ചിരുന്നത്. അഗാധമായ അറിവും അനുഭവ പരിജ്ഞാനവും സമ്മന്നയിച്ച അപൂർവ്വം രാഷ്ട്രീയ പ്രതിഭകളിൽ ഒരാളായിരുന്നു പ്രണബ് കുമാർ മുഖർജി. രാഷ്ട്രപതി-പ്രധാനമന്ത്രി ബന്ധം ഊട്ടുറ്റതാകേണ്ടതിന്റെ ആവശ്യകത 'Presidential Years' എന്ന അദ്ദേഹത്തിന്റെ ആത്മകഥയിൽ ഓർമ്മിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ വ്യത്യാസമില്ലാതെയുള്ള സ്നേഹാദരങ്ങൾ നേടിയ അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരള രാഷ്ട്രീയത്തിലെ മാന്യനും പക്വമതിയുമായ രാഷ്ട്രീയ നേതാക്കന്മാരിൽ ഒരാളായിരുന്നു സി. എഫ്. തോമസ്. സാധാരണക്കാർക്കും കർഷകർക്കും പാവപ്പെട്ടവർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നേതാവായിരുന്നു അദ്ദേഹം. ഉൾക്കാഴ്ച്ചയും കാര്യക്ഷമതയുമുള്ള ഭരണകർത്താവായിരുന്ന അദ്ദേഹം

സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള താല്പര്യം മന്ത്രിയായിരുന്നപ്പോൾ പ്രകടിപ്പിച്ചിരുന്നു. ഒമ്പത് തവണ ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്ന് വിജയിക്കുകയുണ്ടായി. വ്യക്തമായ കാഴ്ച്ചപ്പാടോടെ കർഷക സമൂഹത്തിന്റെ അവകാശങ്ങൾക്കു വേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ ഓർമ്മിക്കത്തക്കതാണ്. സി. എഫ്. തോമസിന്റെ വേർപാട് പരിഹരിക്കാനാകാത്ത നഷ്ടമാണ്.

ദേശീയ രാഷ്ട്രീയത്തിലെ കെടാവിളക്കായി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന വ്യക്തിത്വമാണ് മുൻരാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയുടേത്. വെല്ലുവിളികൾ നേരിട്ടപ്പോഴൊക്കെ മികച്ച നേതൃത്വം നൽകി കോൺഗ്രസ് പാർട്ടിയെ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പുസ്തകങ്ങളുടെ നിരന്തര തോഴനായിരുന്ന അദ്ദേഹം ഏത് രാഷ്ട്രീയ പ്രതിസന്ധിയേയും മറികടക്കാൻ സഹായകരമായ തന്ത്രങ്ങൾ രൂപപ്പെടുത്തുമായിരുന്നു. തുറന്ന ചിന്തയും നയതന്ത്രജ്ഞതയും വിശാലമായ കാഴ്ച്ചപ്പാടും കുശാഗ്രബുദ്ധിയും ഒത്തുചേർന്ന ഒരു ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ പതിമൂന്നാമത് രാഷ്ട്രപതിയെന്ന നിലയിൽ അദ്ദേഹം നൽകിയ സംഭാവനകൾ അമൂല്യമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സഭയുടെ പൊതുവികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. സുതാര്യവും സംശുദ്ധവുമായ പൊതുജീവിതത്തിനുടമയായിരുന്ന സി. എഫ്. തോമസിന് സൗമ്യവും ദീപ്തവുമായ വ്യക്തിത്വംകൊണ്ട് സഹപ്രവർത്തകരെ തന്നോടൊപ്പം ചേർത്തുനിർത്താൻ കഴിഞ്ഞിരുന്നു. 1980 മുതൽ തുടർച്ചയായി ഒൻപത് തെരഞ്ഞെടുപ്പുകളിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും വിജയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

സത്യസന്ധതയോടെ രാഷ്ട്രീയ പ്രവർത്തനം നടത്തിയ മുൻരാഷ്ട്രപതി പ്രണബ് കുമാർ മുഖർജി എക്കാലവും സോഷ്യലിസ്റ്റ് ആഭിമുഖ്യം കാത്തുസൂക്ഷിച്ച നേതാവായിരുന്നു. പ്രധാനമന്ത്രിപദം ഒഴികെയുള്ള മിക്ക ദേശീയ പദവികളും വഹിച്ചിട്ടുള്ള അദ്ദേഹം ഭരണഘടനയുടെ കാവലാളായിട്ടാണ് പ്രവർത്തിച്ചിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ഡോ. എം. കെ. മുനീർ: സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. ജീവിതത്തിലുടനീളം ലാളിത്യം കാത്തുസൂക്ഷിച്ച ആളായിരുന്ന സി. എഫ്. തോമസ്. പതിനെട്ട് വർഷത്തോളം അദ്ധ്യാപകവൃത്തിയും

പൊതുപ്രവർത്തനവും ഒരുമിച്ചുകൊണ്ടുപോയിരുന്ന അദ്ദേഹം എ. കെ. ആന്റണി-ഉമ്മൻചാണ്ടി മന്ത്രിസഭകളിൽ മന്ത്രിയായിരുന്നപ്പോൾ സത്യസന്ധമായ പ്രവർത്തനമാണ് കാഴ്ച്ചവച്ചത്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജനങ്ങളുമായി നാല് പതിറ്റാണ്ടുകളോളം സുദൃഢമായ ബന്ധം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

സംഘടനാശേഷിയും ദീർഘവീക്ഷണവുമുള്ള പ്രണബ് കുമാർ മുഖർജി മികച്ച പാർലമെന്റേറിയനായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്ത അവസരത്തിൽ രാജ്യം നേരിട്ട സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. രാഷ്ട്രപതിയായിരിക്കെ ഭരണഘടനാതത്വങ്ങൾ മുറുകെപ്പിടിക്കുന്നതിലും മതേതരത്വം കാത്തുസൂക്ഷിക്കുന്നതിലും ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: മഹത്‌വ്യക്തികളുടെ നിര്യാണത്തിൽ അനുശോചിക്കുന്നു. വ്യക്തിജീവിതത്തിൽ അങ്ങേയറ്റം സംശുദ്ധത കാത്തുസൂക്ഷിച്ച നേതാവായിരുന്നു സി. എഫ്. തോമസ്. അഴിമതിരഹിതമായും ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും

പൊതുപ്രവർത്തനരംഗത്ത് മുന്നോട്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചു. അടുത്തടുത്ത നിയോജകമണ്ഡലങ്ങളായതുകൊണ്ട് ജനങ്ങളെ ബാധിക്കുന്ന പല പ്രശ്നങ്ങളിലും അദ്ദേഹത്തോടൊപ്പം ഒരുമിച്ച് പ്രവർത്തിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ യശസ്സ് സാർവ്വദേശീയതലത്തിൽ ഉയർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച നേതാവാണ് പ്രണബ് കുമാർ മുഖർജി. രാഷ്ട്രപതിയായിരിക്കെ കൊളോണിയൽ സംസ്കാരത്തിന്റെ ബാക്കിപത്രമായ അഭിസംബോധനകൾ ഒഴിവാക്കുന്നതിന് അദ്ദേഹം തീരുമാനമെടുത്തു. മികച്ച സംഘാടകനും സാമ്പത്തിക വിദഗ്ദ്ധനും രാഷ്ട്രതന്ത്രജ്ഞനുമായിരുന്ന അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് പല തവണ പരിഗണിക്കപ്പെട്ടിരുന്നു.

ശ്രീ. പി. ജെ. ജോസഫ്: അന്തരിച്ച മഹത്‌വ്യക്തികളുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരള കോൺഗ്രസ്സിന്റെ ചരിത്രത്തിൽ പ്രത്യേക സ്ഥാനമുള്ള വ്യക്തിയാണ് സി. എഫ്. തോമസ്. രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും പരിഹാരം കാണുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിച്ച അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് ഏവർക്കും മാതൃകയാക്കാവുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു.

കേന്ദ്ര ധനകാര്യ മന്ത്രിയായിരിക്കെ പ്രണബ് കുമാർ മുഖർജി നടത്തിയ പ്രീ-ബജറ്റ് ചർച്ചകൾ ശ്രദ്ധേയമായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുകയും ശോഭിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ പേര് പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് പലതവണ പരിഗണിക്കപ്പെട്ടിരുന്നു. രാഷ്ട്രപതിയായി രാജ്യത്തിന്റെ യശസ്സുയർത്തുംവിധം പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: പരേതരായ രണ്ട് മഹത്‌വ്യക്തികളെയും കുറിച്ച് ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് യോജിക്കുന്നു. എം.എൽ.എ. ആകുന്നതിനുമുമ്പുതന്നെ മണ്ഡലത്തിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമാകാൻ സി. എഫ്. തോമസിന് സാധിച്ചിട്ടുണ്ട്. 1980 മുതൽ തുടർച്ചയായ 9 തെരഞ്ഞെടുപ്പുകളിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും വിജയിച്ച് ജനങ്ങളോടൊപ്പം പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

രാജ്യം ഭാരതരത്ന പുരസ്കാരം നൽകി ആദരിച്ച വ്യക്തിയായിരുന്നു പ്രണബ് കുമാർ മുഖർജി. ബംഗാളിൽനിന്നും രാഷ്ട്രപതിയാകുന്ന ആദ്യ വ്യക്തിയായ അദ്ദേഹത്തിന് ഇന്ത്യൻ ബജറ്റ് അവതരിപ്പിച്ച ആദ്യത്തെ ബംഗാളി എന്ന അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യ-യു.എസ്. ആണവകരാർ നടപ്പിലാക്കുന്നതിന്

മുഖ്യപങ്ക് വഹിച്ച അദ്ദേഹം ധനകാര്യമന്ത്രിയായിരിക്കുമ്പോൾ ദേശീയ-ഗ്രാമീണ തൊഴിലുറപ്പ് നിയമം, പെൺകുട്ടികളുടെ സാക്ഷരത, ആരോഗ്യപരിരക്ഷാ പദ്ധതി തുടങ്ങിയവ നടപ്പിലാക്കാൻ മുൻകയ്യെടുത്തിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: മഹത്‌വ്യക്തികളുടെ ദേഹവിയോഗത്തിൽ സഭയിൽ ഉയർന്നുവന്ന പൊതുവികാരത്തോട് പങ്കുചേരുന്നു. ലാളിത്യത്തിന്റെയും സൗമ്യതയുടെയും പ്രതീകമായിരുന്ന സി. എഫ്. തോമസിന് എല്ലാ ജനവിഭാഗങ്ങളെയും ഒരുമിച്ചുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. മന്ത്രി എന്ന നിലയിലും നിയമസഭാ സാമാജികൻ എന്ന നിലയിലും അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങൾ എല്ലാക്കാലത്തും സ്മരിക്കപ്പെടും.

ഇന്ത്യ കണ്ട മികച്ച ഭരണാധികാരിയും രാഷ്ട്രതന്ത്രജ്ഞനും ഭരണഘടനാ വിദഗ്ദ്ധനുമായിരുന്നു പ്രണബ് കുമാർ മുഖർജി. 38 വർഷത്തോളം വിവിധ പാർലമെന്ററിയൻ സ്ഥാനങ്ങൾ വഹിച്ചിരുന്ന അദ്ദേഹം ധനകാര്യം, പ്രതിരോധം, വിദേശകാര്യം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഭരണഘടനാ വിദഗ്ദ്ധനായിരുന്ന അദ്ദേഹം രാജ്യത്തിന്റെ പുരോഗതിക്കും മുന്നേറ്റത്തിനുംവേണ്ടി പ്രയത്നിച്ചിട്ടുണ്ട്. മഹത്‌വ്യക്തികളുടെ പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): അന്തരിച്ച മഹത്‌വ്യക്തികളുടെ ദേഹവിയോഗത്തിൽ ഇവിടെ രേഖപ്പെടുത്തിയ ഹൃദയവികാരത്തോട് പങ്കുചേരുന്നു. ഒരു ജനപ്രതിനിധിയും രാഷ്ട്രീയ നേതാവും എങ്ങനെ ആയിരിക്കണമെന്നുള്ള ഗുണപാഠം സി. എഫ്. തോമസിൽനിന്ന് മാതൃകയാക്കാവുന്നതാണ്. തുടർച്ചയായ ഒൻപത് തെരഞ്ഞെടുപ്പുകളിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും അദ്ദേഹം വിജയിച്ചിട്ടുണ്ട്.

പത്മവിഭൂഷൺ, ഭാരതരത്നം എന്നീ ദേശീയ ബഹുമതികൾ ലഭിച്ചിട്ടുള്ള ബഹുമുഖ പ്രതിഭയായ പ്രണബ് കുമാർ മുഖർജിയുടെ നിര്യാണം ദേശീയ-രാഷ്ട്രീയ-സാമൂഹ്യരംഗത്ത് തീരാനഷ്ടമാണ്. മഹത്‌വ്യക്തികളുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: പരേതരായ മഹത്‌വ്യക്തികളെക്കുറിച്ച് ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് യോജിക്കുന്നു. ഞാൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പ്രണബ് കുമാർ മുഖർജിയോട് കൂടുതൽ ഇടപഴകാനും കാര്യങ്ങൾ പഠിക്കാനും സാധിച്ചിട്ടുണ്ട്. തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്ന അദ്ദേഹം എല്ലാ ഇതരവിശ്വാസങ്ങളെയും ആദരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സി. എഫ്. തോമസിന്റെ നിര്യാണത്തിൽ സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. എല്ലാ മതവിഭാഗങ്ങളെയും ഒരുമിപ്പിച്ചുകൊണ്ടുപോകാനും മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുമുള്ള അദ്ദേഹത്തിന്റെ പോരാട്ടം പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇന്ത്യ കണ്ട ശക്തനായ ഭരണാധികാരിയായിരുന്ന പ്രണബ് കുമാർ മുഖർജി സാധാരണക്കാരുടെയും സ്ത്രീ സമൂഹത്തിന്റെയും ഉന്നമനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിലും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

സഭ രാവിലെ 10.02 -ന് പിരിഞ്ഞു.

..........